പി. എസ്. സി ഓഫീസുകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ നിയമനത്തിനുള്ള നടപടി

23 [786] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. ഓഫീസുകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ നിയമനത്തിനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഇപ്പോഴത്തെ ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പി. എസ്. സി. യുടെ ജോലിഭാരവും, റാങ്ക് ലിസ്റ്റുകളും തമ്മിലുള്ള അന്തരവും, കണക്കിലെടുത്ത് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നിലവിലുള്ള ഒഴിവുകളും കൂടി റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി & സി) പി. എസ്. സി. യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

ആമച്ചൽ നീർത്തട പദ്ധതി

24 [787] ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആമച്ചൽ നീർത്തട പദ്ധതി പൂർത്തിയായോ എന്നറിയിക്കാമോ;

(ബി) പൂർത്തിയായിട്ടില്ലെങ്കിൽ പദ്ധതിയുടെ പൂർത്തീകരണത്തിന് എന്താണ് തടസ്സം എന്ന് വ്യക്തമാക്കുമോ:

(സി) ഇത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആമച്ചൽ നീർത്തട പദ്ധതി പൂർത്തിയായിട്ടില്ല. 2005-06 വരെ പദ്ധതി നിർവ്വഹണത്തിന് കാലാവധിയുണ്ട്.

(ബി) പദ്ധതി നിർവ്വഹണ ഏജൻസിയായ കാട്ടാക്കട ഗ്രാമപഞ്ചായത്ത് നാളിതുവരെ ചട്ടപ്രകാരമുള്ള എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തിട്ടില്ല.

(സി) ഗ്രാമപഞ്ചായത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ നീർത്തട കമ്മറ്റിയിൽ ഈ കാര്യം അവതരിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly